**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** | **12-09-2023 - ൽ മറുപടിയ്ക്ക്**

**കായിക നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ എം നൗഷാദ്,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സമഗ്രമായ കായിക വികസനം സാധ്യമാക്കുന്നതിന്റെ ഭാഗമായി കായിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരള കായികനയം 2023 സംസ്ഥാനത്തെ കായികമേഖലയെ സമഗ്രമായ പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചക്കായി രൂപവൽക്കരിച്ച വിഷൻ 2033-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ രൂപാന്തരപ്പെടുത്തിയിട്ടുള്ളതാണ് കായിക പ്രതിഭകളെ കണ്ടെത്തുന്നതിലു അവരെ പരിപോഷിപ്പിക്കുന്നതിലും ദേശീയ അന്തർദേശീയതലത്തിൽ കായികമികവ ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതോടൊപ്പം എല്ലാവർക്കു സ്പോർട്സ് എന്നതിന് ഈ കായിക നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഉയർന്നു വരുന്ന പുതിയ സാങ്കേതിക വിദ്യകളു ആധുനിക മാനേജ്മെന്റ് രീതികളു ഉപയോഗപ്പെടുത്തുക വഴി സംസ്ഥാനത്തിന കൈമോശം വന്നു പോയ മികവു നേതൃസ്ഥാനവും തിരിച്ചുപിടിക്കുന്നതിന് ടി നയ മുഖ്യ പരിഗണന നൽകുന്നു കായികപ്രവർത്തനം ഒരു ജനകീയ പ്രവർത്തനമായി പരിഗണിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുക; ആരോഗ്യം വിദ്യാഭ്യാസം, വിനോദസഞ്ചാരം സാംസ്കാരികം തുടങ്ങി നിരവധി മേഖലകളെ സ്വാധീനിക്കുന്നതിന് കഴിയുംവിധം കായിക രംഗത്തിന്റെ ബഹുമുഖ ശേഷ് പ്രയോജനപ്പെടുത്തുക; അതുകൂട് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച്കൊണ്ട് വലിയ തോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കായികവ്യവസായത്തിന് ഉറച്ച അടിത്തറ സൃഷ്ടിക്കുക എന്നിവ ടി നയത്തിന്റെ ഭാഗമാണ്.<br><br>അന്തർദേശീയ തലത്തിലെ കായിക മികവ് അഴിമതി രഹിതമായ കായിക മേഖല ശക്തമായ കായിക വിനോദ മേഖല ഊർജ്ജസ്വലമായ കായികസംസ്കാരം എന്നിവ ലക്ഷ്യം വയ്ക്കുന്ന കായിക നയം സംസ്ഥാനത്തെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതാണ്. മാതൃകാപരവും ശക്തവുമായ ഒരു കായികസംസ്കാരത്തിന്റെ അടിത്തറ പാകുന്നതിനായി അടിസ്ഥാന സൗകര വികസനം, കായിക വിദ്യാഭ്യാസം, ശാസ്ത്രീയ പിന്തുണ, പ്രതിഭകളെ കണ്ടെത്തൽ തന്ത്രപരമായ ആസൂത്രണം, മികച്ച ഭരണം എന്നീ അടിസ്ഥാന തത്വങ്ങളെ ആധാരമാക്കിയുള്ള കാഴ്ചപ്പാടാണ് നയം മുന്നോട്ട് വയ്ക്കുന്നത്. |
| (ബി) | എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതലുള്ള കായിക വികസനം, വിദഗ്ധ പരിശീലനത്തിലൂടെ ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കായിക നയം വിഭാവനം ചെയ്യുന്നുണ്ടോ; | (ബി) | ഉണ്ട്.<br><br>എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതലുള്ള കായിക വികസനം, വിദഗ്ധ പരിശീലനത്തിലൂടെ ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കായികനയം വിഭാവനം ചെയ്യുന്നുണ്ട്.<br><br>കായികം എല്ലാവർക്കും, കായികരംഗത്തെ മികവ് എന്നീ അടിസ്ഥാനപ്രമേയങ്ങളിൽ നിന്നുമാണ് കായികനയം വികസിക്കുന്നത് അതിന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട് കൂടുതൽ വിപുലമായ പദ്ധതികളും പരിപാടികളും തയ്യാറാക്കുന്നു. ഈ നയം മുന്നോട്ട് വെയ്ക്കുന്ന സവിശേഷമായ നിർദ്ദേശം കായിക ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുക എന്നതാണ് ഓരോ വ്യക്തിക്കും കായിക സൗകര്യങ്ങൾ ഉറപ്പാക്കാൻ നയം ശ്രമിക്കുന്നു. എല്ലാ പ്രായത്തിലുള്ളവരെയും ശാരീരികക്ഷമത പ്രവത്തനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യം പൊതുവിദ്യാഭ്യാസം, തദ്ദേശം |

| | | | |
|---|---|---|---|
| | | | ഉന്നതവിദ്യാഭ്യാസം, കായികം എന്നീ വകുപ്പുകളെ ഏകോപിപിച്ച് വിപുലമായ ഫിസിക്കൽ ഫിറ്റ്നസ് ക്യാമ്പ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കും. സ്പോർട്സിനെ ഒരു പാഠ്യേതര വിഷയമായി ഇനി കണക്കാക്കാനാകില്ല പാഠ്യപദ്ധതിയിൽ കായികം നിർബന്ധ വിഷയമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സ്കൂൾതല സ്പോർട്സിന് പ്രാധാന്യം നൽകുന്നതിനും കേരളത്തിലെ എല്ലാ വിഭാഗം സ്കൂളുകളെയും കായിക വികസന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും സ്കൂൾതലം മുതൽ മികച്ച കായിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും കായിക നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. |
| (സി) | സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് കായിക നയത്തിലൂടെ മുന്നോട്ട് വയ്ക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ സമ്പദ് വ്യവസ്ഥയുടെ ഭാഗമായി സ്പോർട്സിനെ അടയാളപ്പെടുത്തുന്നതും സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ കായിക രംഗത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ട് സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് നയത്തിലൂടെ മുന്നോട്ട് വെയ്ക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ ഒരു ശതമാനത്തോളം കായിക മേഖല സംഭാവന ചെയ്യുന്നതായി സെക്കന്ററി ഡാറ്റയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ട്. നാല് വർഷത്തിനുള്ളിൽ ഇത് ആകെ ഉൽപാദനത്തിന്റെ മൂന്ന്-നാല് ശതമാനത്തിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനും സുശക്തമായ ഒരു കായിക സമ്പദ്ഘടന സംസ്ഥാനത്ത് വളർത്തിയെടുക്കുന്നതിനും സ്പോർട്സ് ഇക്കണോമി മിഷൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ